## ലേല വിൽപ്പനയുടെ വ്യവസ്ഥകളും നിബന്ധനകളും

1. ലേലത്തിൽ പങ്കെടുക്കുവാൻ താൽപര്യമുള്ളവർ റിസർവ്വ് പ്രൈസ് സംഖ്യയുടെ 10% തുക നിരതദ്രവ്യം (EMD) സംഖ്യ ആയി കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ പേരിൽ തൃശ്ശൂർ ഹെഡ്ഓഫീസ് ശാഖയിൽ മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റ് സഹിതമുള്ള ടെണ്ടർ 'ടെണ്ടർ ഫോർ പ്രോപ്പർട്ടീസ്' എന്നെഴുതി ഒട്ടിച്ച കവർ **26-03-2024 വൈകീട്ട് 5 മണിക്ക്** മുമ്പായി കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ തൃശ്ശൂർ റീജിയണൽ ഓഫീസിലെ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന് സമർപ്പിക്കേണ്ടതാണ്. ടെണ്ടർ കവറുകൾ **27-03-2024 രാവിലെ 11 മണിക്ക്** കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ തൃശ്ശൂർ റീജിയണൽ ഓഫീസിൽ വെച്ച് ലേലം വിളിക്കാൻ വന്നിട്ടുള്ളവരുടെ സാന്നിദ്ധ്യത്തിൽ ടെണ്ടറുകൾ തുറക്കുന്നതും തുടർന്ന് ലേലനടപടികൾ തുടരുന്നതുമാണ്. തൽസമയം താത്പര്യമുള്ള ലേലക്കാർ ടി സമയത്ത് ഹാജരാകേണ്ടതാണ്.
2. റിസർവ് പ്രൈസ് തുകയിൽ കുറവിൽ സമർപ്പിച്ച ടെണ്ടറുകൾ നിരസിക്കുന്നതും വസ്തുവഹകൾ റിസർവ്വ് പ്രൈസ് തുകയിൽ കുറഞ്ഞ് ലേല വിൽപ്പന നടത്തുന്നതുമല്ല.
3. ലേല വിൽപ്പന വസ്തുവഹകൾ ഇപ്പോൾ ഇരിക്കുന്ന അതേ അവസ്ഥയിൽ ("As is where is, "As is what is" & "Whatever there is") എന്ന വ്യവസ്ഥയിലും ലേല വസ്തുക്കളിൽ ഇപ്പോൾ ഉള്ളതും ഭാവിയിൽ ഉണ്ടായേക്കാവുന്നതുമായ നിയമപരമായതോ, മറ്റു സ്റ്റാട്യൂട്ടറി ബാധ്യതകളോ, അല്ലാതെയുള്ളതോ ആയ ബാധ്യതകൾക്കോ അല്ലെങ്കിൽ വിൽപ്പന പൂർത്തീകരിക്കപ്പെടാനുള്ള കാലതാമസത്തിനോ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ യാതൊരുവിധത്തിലും ഉത്തരവാദിയല്ലാത്ത വിധത്തിലായിരിക്കും ഈ ലേല വിൽപ്പന ലേലത്തിൽ പങ്കെടുക്കുന്നവർ അപേക്ഷ സമർപ്പിക്കുന്നതിനു മുൻപ് വസ്തുവിന്റെ ഉടമസ്ഥാവകാശം, തരം, വിസ്തീർണ്ണം എന്നിവയും വസ്തുവിന്മേലുള്ള ബാധ്യതകൾ, ക്ലെയിം/അവകാശങ്ങൾ/കുടിശ്ശിക മുതലായവയെ പറ്റിയും ടാക്സ്/റവന്യൂ അധികാരികളുമായി സ്വന്തം നിലയിൽ അന്വേഷണം നടത്തി ബോധ്യപ്പെടേണ്ടതാണ്.
4. ടെണ്ടറുകൾ തുറന്നതിനുശേഷം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന് ലേല തുക വർദ്ധിപ്പിക്കുവാൻ വേണ്ടി ടെണ്ടറുകൾ സമർപ്പിച്ചിട്ടുള്ളവർ തമ്മിൽ ലേലം വിളിക്കുന്നതിന് അവസരം നൽകാവുന്നതും ഏറ്റവും ഉയർന്ന തുകയ്ക്ക് ലേലം വിളിക്കുന്ന ആൾക്ക് ലേലം ഉറപ്പിക്കുന്നതിനും അധികാരം ഉള്ളതായിരിക്കും.
5. ഏറ്റവും ഉയർന്ന തുകയ്ക്ക് ടെണ്ടറുകൾ സമർപ്പിക്കുന്ന വ്യക്തിയുടെ പേർക്കോ അഥവാ ലേലത്തിൽ ഏറ്റവും കൂടിയ തുകയ്ക്ക് വിളിക്കുന്ന വ്യക്തിയുടെ പേർക്കോ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ സ്ഥിരീകരണത്തിന് വിധേയമായി ലേലം ഉറപ്പിക്കുന്നതുമായിരിക്കും ലേലം ഉറപ്പിച്ച് കിട്ടുന്ന വ്യക്തി ലേല ദിവസം തന്നെ നിരതദ്രവ്യം (EMD തുക) വരുന്ന ലേല തുകയുടെ 25% അടയ്ക്കേണ്ടതും ബാക്കി വരുന്ന തുക 15 ദിവസത്തിനകം അടയ്ക്കേണ്ടതുമാണ്. ഏതെങ്കിലും കാരണവശാൽ ലേല തുക കെട്ടി വെയ്ക്കേണ്ട സമയത്തിനുള്ളിൽ, അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയാൽ EMD സംഖ്യയും അടച്ച സംഖ്യയും തിരികെ ലഭിക്കുവാൻ അർഹതയില്ലാത്തതും ഇതുമൂലം സംഭവിച്ചേക്കാവുന്ന കഷ്ടനഷ്ടങ്ങൾക്ക് ബാങ്ക് ഉത്തരവാദി അല്ലാത്തതും കെട്ടിവെച്ച തുക കേരള സംസ്ഥാന സഹകരണ ബാങ്കിൽ നിക്ഷിപ്തമാവുകയും ചെയ്യുന്നതും പുനർലേലം നടത്തുന്നതിന് അധികാരപ്പെട്ട ഉദ്യോഗസ്ഥന് അധികാരമുണ്ടായിരിക്കുന്നതുമാണ്.
6. വസ്തു വിൽപ്പന സെക്യൂയേർഡ് ക്രെഡിറ്ററുടെ അന്തിമ തീരുമാനത്തിന് വിധേയമായിരിക്കും. അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന് ലേലം ഉറപ്പിക്കുന്നതിനും കാരണം കാണിക്കാതെ ലേലം നിർത്തി വെയ്ക്കുന്നതിനനും, മറ്റൊരു ദിവസത്തേക്ക് മാറ്റി വെയ്ക്കുന്നതിനും ലേലം അസാധുവാക്കുന്നതിനും പൂർണ അധികാരം ഉണ്ടായിരിക്കുന്നതുമാണ്.
7. ലേലം സ്ഥിരപ്പെടുത്തി ലഭിക്കുന്ന വ്യക്തി സംസ്ഥാനത്തെ വസ്തുകൈമാറ്റ/രജിസ്ട്രേഷൻ നിയമപ്രകാരമുള്ള രജിസ്ട്രേഷൻ ഫീ, സ്റ്റാമ്പ് ഡ്യൂട്ടി മുതലായ ചിലവുകളും നിയമപ്രകാരമുള്ള മറ്റു ചിലവുകളും നിയമപ്രകാരമുള്ള പൗണ്ടേജ് ചിലവുകളും വഹിക്കേണ്ടതാണ്.
8. ലേലത്തിൽ പങ്കെടുക്കുന്നതിനോ, മതിയായ ലേലം കൊള്ളുന്നതിനോ ആളില്ലാത്ത സാഹചര്യത്തിൽ 13 (5-A) SARFAESI ACT 2002 പ്രകാരം വസ്തുവഹകൾ ബാങ്കിന് ലേലം വിളിച്ചെടുക്കുന്നതിന് പൂർണ്ണ സ്വാതന്ത്ര്യം ഉണ്ടായിരക്കുന്നതാണ്.
9. പണയവസ്തുക്കളുടെ ലേല വിൽപ്പന സംബന്ധിച്ച വില (Reserve Price) പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള പ്രകാരം നിശ്ചയിച്ച് ഉറപ്പിച്ചിള്ളതുമാകുന്നു.
10. ലേലത്തിൽ പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർക്ക് ലേല വിൽപ്പന സംബന്ധിച്ച് കൂടുതൽ വിവരങ്ങൾക്കും, മറ്റ് ലേല നിബന്ധനകൾ അറിയുന്നതിനും വസ്തുവഹകൾ പരിശോധിക്കുന്നതിനും താഴെ നൽകിയിട്ടുള്ള ഫോൺ നമ്പറിൽ ബന്ധപ്പെടാവുന്നതുമാണ്. (0487-2325700) മുൻകൂട്ടി നിശ്ചയിച്ച പ്രകാരം പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മുതൽ വൈകീട്ട് 5 മണി വരെ വസ്തുവഹകൾ പരിശോധിക്കാവുന്നതാണ്. ലേലം സംബന്ധിച്ച വിവരങ്ങൾ ബാങ്കിന്റെ വെബ്സൈറ്റ് **www.keralacobank.com** ൽ ലഭ്യമാണ്.
11. ലേലത്തിന് മുമ്പായി ലേല വസ്തുവഹകളെ സംബന്ധിച്ച എല്ലാ നിജസ്ഥിതികളും ലേലത്തിൽ പങ്കെടുക്കുന്നവർ പരിശോധിച്ച് ബോധ്യപ്പെടേണ്ടതാണ്.

**സ്ഥലം: തൃശ്ശൂർ, തിയ്യതി: 25-02-2024** **അധികാപ്പെടുത്തിയ ഉദ്യോഗസ്ഥൻ , ഒപ്പ്, കേരളാ സംസ്ഥാന സഹകരണ ബാങ്ക്**